കേരള കാർഷിക സർവ്വകലാശാല
കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ ആന്റ് ടെക്നോളജി
തവനൂർ (പി.ഒ), മലപ്പുറം ജില്ല, 679 579 (പിൻ), കേരളം
ഫോൺ: +91 0494 2686214, ഫാക്സ്: 0494-2686009, ഇ–മെയിൽ- kcaet@kau.in

നമ്പർ : എ2/7177/2017

തീയ്യതി : 09.02.2018

## പുനർ ക്വട്ടേഷൻ നോട്ടീസ്

ഈ കോളേജിലെ സുരക്ഷാ ജോലികൾക്കായി, ജോലി തുടങ്ങുന്ന തീയ്യതി മുതൽ ഒരു വർഷത്തേക്ക് സുരക്ഷ ജീവനക്കാരെ ലഭ്യമാക്കുന്നതിന് അംഗീകൃത സെക്യൂരിറ്റി ഏജൻസികളിൽ നിന്നും വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാടി സ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

### വ്യവസ്ഥകളും നിബന്ധനകളും

1. വെള്ളക്കടലാസിൽ, 8 മണിക്കൂർ സുരക്ഷ ജോലിക്ക് ഒരാൾക്ക് ലഭിക്കേണ്ട കുറഞ്ഞ കൂലി രേഖപ്പെടുത്തി, മൊബൈൽ നമ്പരും പൂർണ്ണ മേൽവിലാസവും സഹിതം പേരെഴുതി ഒപ്പിട്ട് കവറിൽ അടക്കം ചെയ്ത് ഒട്ടിച്ചാണ് ക്വട്ടേഷനുകൾ തയ്യാറാക്കേണ്ടത്. കവറിനു പുറത്ത് സെക്യൂരിറ്റി ജോലികൾക്കുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ഇപ്രകാരം തയ്യാറാക്കുന്ന ക്വട്ടേഷനുകൾ **22.02.2018** ന് ഉച്ചക്കു ശേഷം 2 മണിക്കോ അതിനു മുൻപോ ആയി 'ഡീൻ ഇൻ ചാർജ്ജ്, കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, തവനൂർ' എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ എത്തിക്കേണ്ടതാണ്. അന്നേ ദിവസം 2.30 ന് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ആ സമയത്ത് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്.
3. നിരതദ്രവ്യം 1000/-(ആയിരം രൂപ മാത്രം) ആയി നിജപ്പെടുത്തിയിരിക്കുന്നു. ഈ തുക പണമായി നേരിട്ട് ഈ കോളേജ് ഓഫീസിലോ 'ഡീൻ ഇൻ ചാർജ്ജ്, കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, തവനൂർ' എന്ന വിലാസത്തിൽ എടുത്തതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കുറ്റിപ്പുറം ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ അടക്കേണ്ടതാണ്.
4. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന ഏജൻസിക്ക്/രജിസ്ട്രേഷനും സെക്യൂരിറ്റി സേവന രംഗത്ത് കുറഞ്ഞത് 3 വർഷത്തെയെങ്കിലും മുൻകാല പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. ഇതു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ക്വട്ടേഷനോടോപ്പം സമർപ്പിക്കേണ്ടതാണ്.
5. 24.01.2010 ലെ ജി.ഒ (എം.എസ്) നം.80/2010 തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം അടിസ്ഥാന വേതനവും ക്ഷാമബത്തയും ഇതര ആനുകൂല്യങ്ങളും സുരക്ഷ ജീവനക്കാർക്ക് നൽകാൻ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം ബാധ്യസ്ഥമായിരിക്കും.
6. ആകെ നിയമിക്കുന്ന സെക്യൂരിറ്റി ഗാർഡുമാരിൽ 50% പേർ നിർബന്ധമായും വിമുക്തഭടൻമാരായിരിക്കണം. ഇപ്രകാരം നിയമിക്കപ്പെടുന്ന സുരക്ഷ ജീവനക്കാരുടെ തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വട്ടേഷൻ ലഭിച്ച ഏജൻസി ഹാജരാക്കേണ്ടതാണ്.

7. സുരക്ഷ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവരുടെ കൂടിയ പ്രായം 01.01.2018 ന് 60 വയസ്സായി നിജപ്പെടുത്തിയിരിക്കണം. നിയോഗിക്കപ്പെടുന്ന സുരക്ഷ ജീവനക്കാർക്ക് നല്ല കായികക്ഷമത ഉണ്ടായിരിക്കണം.
8. സുരക്ഷ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവർ ക്രിമിനൽ പശ്ചാത്തലം ഉള്ളവരാവരുത്. ഏതെങ്കിലും കോടതയിലോ പോലീസ് സ്റ്റേഷനിലോ ഇവർക്കെതിരായി കേസുകൾ നിലവിലില്ല എന്ന് ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ ഏജൻസി സത്യവാങ് മൂലം നൽകേണ്ടതാണ്. ജോലിയിലിരിക്കുമ്പോൾ ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകൾ ഉണ്ടാകുന്ന പക്ഷം പ്രസ്തുത കാര്യം സംഭവം നടന്ന് 24 മണിക്കൂറിനകം കരാറുകാരൻ ഡീൻ ഇൻ ചാർജ്ജിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.
9. സുരക്ഷ ഉദ്യോഗസ്ഥരുടെ അശ്രദ്ധ മൂലമോ ജോലിയിലുണ്ടാകുന്ന വീഴ്ച മൂലമോ സർവ്വകലാശാലക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനം നേരിട്ട് ഉത്തരവാദിയായിരിക്കും. ഇത്തരത്തിലുള്ള നഷ്ടം ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ വ്യക്തിയിൽ നിന്ന്/സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതാണ്.
10. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം 200/-രൂപ (ഇരുനൂറ് രൂപ മാത്രം) വിലയുള്ള സർക്കാർ മുദ്രപത്രത്തിൽ ഒരു കരാർ തയ്യാറാക്കി ഒപ്പിട്ട് നൽകേണ്ടതും സുരക്ഷ നിക്ഷേപമായി 10000/- രൂപ (പതിനായിരം രൂപ മാത്രം) ഓഫീസിൽ അടക്കേണ്ടതുമാണ്. ഇപ്രകാരം അടക്കുന്ന സുരക്ഷ നിക്ഷേപം ക്വട്ടേഷൻ കാലാവധിക്കു ശേഷം രശീതി ഹാജരാക്കുന്ന മുറക്ക് മറ്റ് നടപടിക്രമങ്ങൾക്ക് വിധേയമായി തിരികെ നൽകുന്നതുമാണ്.
11. സുരക്ഷ ജോലികളുടെ മേൽനോട്ട അധികാരമുള്ള ഉദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണമാണ് ജോലികൾ ചെയ്യേണ്ടത്.
12. മിനിമം വേജസ് നിയമപ്രകാരം ബന്ധപ്പെട്ട രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആവശ്യമായ സമയങ്ങളിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ക്വട്ടേഷൻ ലഭിച്ചയാളുടെ/സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. മിനിമം വേജസ് ആക്ടിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പാലിക്കേണ്ടത് ക്വട്ടേഷൻ ലഭിച്ച സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്.
13. സെക്യൂരിറ്റി ജോലികൾക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് വേണ്ട യൂണിഫോം, ഷൂ, ബെൽറ്റ് തുടങ്ങിയവ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം അവരുടെ ചെലവിൽ നൽകേണ്ടതാണ്.
14. ഒരു സെക്യൂരിറ്റി ജീവനക്കാരെ 8 മണിക്കൂറിൽ കൂടുതൽ ജോലിക്ക് നിയോഗിക്കാൻ പാടുള്ളതല്ല.
15. ആവശ്യാനുസരണം സെക്യൂരിറ്റി ജീവനക്കാരെ കരാർ കാലയളവിൽ ലഭ്യമാക്കാൻ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിന് ബാധ്യതയുണ്ടായിരിക്കും.
16. ക്വട്ടേഷൻ കാലയളവിൽ വിന്യസിക്കപ്പെട്ട സെക്യൂരിറ്റി ജീവനക്കാർക്ക് അർഹമായ വേതനത്തിന് പുറമെ, സർവ്വകലാശാലയിൽ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനത്തിനോ ജോലിക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കോ ഒരു തരത്തിലുള്ള അവകാശങ്ങളും ഉണ്ടായിരിക്കുകയില്ല.
17. ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടിയ സ്ഥാപനം നൽകുന്ന പ്രതിമാസ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ചെക്ക് മുഖേനയായിരിക്കും സുരക്ഷ ജീവനക്കാരുടെ വേതനം വിതരണം ചെയ്യുക. ഇപ്രകാരം വിതരണം ചെയ്യുന്ന വേതനത്തിൽ നിന്ന് നിയമാനുസരണമുള്ള ആദായനികുതിയുടെ സേവന നികുതി ബാധകമാണെങ്കിൽ ആയതും പിടിക്കുന്നതാണ്. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനം വേതനം വിതരണം ചെയ്ത ശേഷം രശീതി ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

18. സെക്യൂരിറ്റി ജീവനക്കാരുടെ ജോലി സമയത്തെ നിയന്ത്രണമൊഴികെ അവരെ സംബന്ധിച്ച നിയമപരവും അല്ലാത്തതുമായ എല്ലാ ബാധ്യതകളും അവരെ ലഭ്യമാക്കിയ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും.
19. ഏതെങ്കിലും സാഹചര്യത്തിൽ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിന്റെ സേവനം തൃപ്തികരമല്ലാതെ കണ്ടാൽ കരാർ അവസാനിപ്പിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഡീൻ ഇൻ ചാർജ്ജിൽ നിക്ഷിപ്തമായിരിക്കും.
20. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

(ഒപ്പ്)
ഡീൻ (കാർഷിക എഞ്ചിനീയറിങ്ങ്) ഇൻ ചാർജ്ജ്

സ്വീകർത്താവ് :

സർവ്വകലാശാല വെബ്സൈറ്റ്/ കോളേജ് വെബ്സൈറ്റ് www.kcaet.ac.in,
നോട്ടീസ് ബോർഡ്, വില്ലേജ് ഓഫീസ്, തവനൂർ ഗ്രാമപഞ്ചായത്ത്,
തവനൂർ/കെ.വി.കെ, മലപ്പുറം/ഓഫീസ്/ഫാം/ഗേറ്റ്, സ്റ്റേറ്റ് സീഡ് ഫാം, തവനൂർ.

പകർപ്പ് :

ഫാം ഇൻ ചാർജ്ജ്/ഫാം സൂപ്രണ്ട്. സ്റ്റോക്ക് ഫയൽ/കരുതൽ

ഉത്തരവിൻ പ്രകാരം
//സെക്ഷൻ ഓഫീസർ//